"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല - കോട്ടപ്പടി ഏരിയ മലപ്പുറം നഗരസഭ - വിശദ നഗരാസൂത്രണ പദ്ധതിയുടെ വ്യതിയാനത്തിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**എൽ എസ് ജി (ആർ ഡി) വകുപ്പ്**

സ.ഉ.(കൈ) നം.122/2025/LSGD തീയതി,തിരുവനന്തപുരം, 18-07-2025

പരാമർശം:-

1. 21.05.2022-ലെ G.O.(Ms) No.109/2022/LSGD
2. മലപ്പുറം നഗരസഭ കൗൺസിലിന്റെ 12.08.2022-ലെ കൗൺസിൽ തീരുമാനം നം. 2
3. .15.09.2022-ലെ വിജ്ഞാപനം നം.PW2-11808/21 (19.09.2022-ലെ വാല്യം 11, നം. 3188 കേരള (ഗസറ്റിൽ പ്രസിദ്ധീകരിച്ചത്)
4. 11.07.2024-ലെ വിജ്ഞാപനം നം. PW2-11808/21 (15.07.2024-ലെ വാല്യം 13, നം.2265 കേരള (ഗസറ്റിൽ പ്രസിദ്ധീകരിച്ചത്)
5. മലപ്പുറം നഗരസഭ കൗൺസിലിന്റെ 07-10-2024-ലെ കൗൺസിൽ തീരുമാനം നം. 1
6. മലപ്പുറം നഗരസഭ അംഗീകരിച്ച ഫാറം VIII
7. ചീഫ് ടൗൺ പ്ലാനറുടെ 28/01/2025-ലെ LSGD/PD/40023/2024-TCPB4 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലപ്പുറം നഗരസഭയിൽ നിലവിലുണ്ടായിരുന്ന അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതിയായ 'കോട്ടപ്പടി ഏരിയ, മലപ്പുറം നഗരസഭ' പുനരവലോകനം ചെയ്യുന്നതിന് കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, 2016 വകുപ്പ് 32(1) പ്രകാരം സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശ പ്രകാരം അടിയന്തിരമായി മേഖലാ നിയന്ത്രണങ്ങളിൽ വ്യതിയാനം വരുത്തുന്നതിനും, വ്യതിയാനം വരുത്തുന്നതിനായി കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റും അനുബന്ധ ചട്ടങ്ങളും പ്രകാരം ഇ-ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുവാൻ പരാമർശം (2) പ്രകാരം മലപ്പുറം മുനിസിപ്പൽ കൗൺസിൽ തീരുമാനിക്കുകയും അത് പ്രകാരം വ്യതിയാനം വരുത്തുന്നതിനുള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം ഫാറം 1-ൽപരാമർശം (3) പ്രകാരം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. അപ്രകാരം വ്യതിയാനം വരുത്തിയ കരട് വിശദ നഗരാസൂത്രണ പദ്ധതി 2016- ലെ കേരള നഗര-ഗ്രാമാസൂത്രണ നിയമം, വകുപ്പ് 46 ഉപവകുപ്പ് 2 പ്രകാരവും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി

രൂപീകരിക്കലും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 8(2) പ്രകാരവും ഫാറം VII മുഖേന പരാമർശം (4) പ്രകാരം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുള്ളതാണ്.

പ്രസിദ്ധീകരിച്ച കരട് വിശദ നഗരാസൂത്രണ പദ്ധതി സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ആക്ഷേപങ്ങളും, അഭിപ്രായങ്ങളും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കരട്ട വ്യതിയാനത്തിൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അവതരിപ്പിച്ച ഭേദഗതികളോടെ മലപ്പുറം നഗരസഭ കൗൺസിൽ പരാമർശം (5) പ്രകാരം എടുത്തിട്ടുള്ള തീരുമാനം അംഗീകരിക്കാവുന്നതാണെന്ന ശിപാർശയോടെ മുഖ്യ നാഗരാസൂത്രകൻ സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നു.

പരാമര്ശം (6) പ്രകാരം മാറ്റം വരുത്തിയ മേഖലാ നിയന്ത്രണം മലപ്പുറം മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതും ആയത് സർക്കാരിൽ നിന്നും അന്തിമ അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി മലപ്പുറം ജില്ല നഗരാസൂത്രകന്റെ ശിപാർശയോട് കൂടി മലപ്പുറം നഗരസഭ സെക്രട്ടറി മുഖേന മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 46 ഉപവകുപ്പ് (4) പ്രകാരവും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 9(2) പ്രകാരവും മേൽപ്പറഞ്ഞ കരട് വിശദ നഗരാസൂത്രണ പദ്ധതി അന്തിമ അനുമതിയ്ക്കായി ചീഫ് ടൗൺ പ്ലാനർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച, കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016, വകുപ്പ് 46 ഉപവകുപ്പ് (6), കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021 ചട്ടം 11 എന്നിവ പ്രകാരം ആവശ്യമായ തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ് എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി, മലപ്പുറം നഗരസഭ കൗൺസിലിന്റെ ശിപാർശ പരിഗണിച്ച്, നഗരസഭ കൗൺസിൽ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 50 ഉപവകുപ്പ് (2) പ്രകാരം വ്യതിയാനം വരുത്തി മലപ്പുറം നഗരസഭ സെക്രട്ടറി ഉചിത മാർഗ്ഗേന സമർപ്പിച്ച "കോട്ടപ്പടി ഏരിയ, മലപ്പുറം നഗരസഭ വിശദ നഗരാസൂത്രണ പദ്ധതിയുടെ" കരട് വ്യതിയാനത്തിന്, കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, വകുപ്പ് 46, ഉപവകുപ്പ് (5) പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 10 എന്നിവ പ്രകാരമുള്ള അന്തിമ അനുമതി നൽകി കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം(ചീഫ് ടൗൺ പ്ലാനർമുഖേന)
സെക്രെട്ടറി, മലപ്പുറം നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(LSGD-RD2/19/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 21-07-2025 12:57:12